# മുഹർറത്തിലെ ഐഛിക നോമ്പുകൾ

**ഇസ്‌ലാമിക** കലണ്ടറിലെ ആദ്യത്തെ മാസമായ മുഹർറം നാല് പവിത്ര മാസങ്ങളിലൊന്നാണ്. ദുൽഖഅ്ദ്, ദുൽഹിജ്ജ, റജബ് എന്നിവയാണ് മറ്റു പവിത്ര മാസങ്ങൾ. ഈ മാസങ്ങളിലെ പുണ്യകർമങ്ങൾക്ക് കൂടുതൽ പ്രാധാന്യമുണ്ട്. മുഹർറം 10 ശ്രേഷ്ഠതയുള്ള ഒരു പുണ്യദിനമാണ്. 'ആശൂറാ' എന്നാണതിന്റെ പേര്. ഈ ദിവസം നോമ്പനുഷ്ഠിക്കാൻ നബി(സ) നിർദേശിച്ചിട്ടുണ്ട്. റമദാൻ നോമ്പിനു ശേഷം ഏറ്റവും ശ്രേഷ്ഠമായത് അല്ലാഹുവിന്റെ മാസമായ മുഹർറത്തിലുള്ള നോമ്പാണെന്ന് നബി(സ) പറഞ്ഞിട്ടുണ്ട്. പിന്നിട്ട വർഷത്തെ പാപങ്ങൾക്ക് അത് പരിഹാരമാകുമെന്ന് പ്രതീക്ഷിക്കുന്നതായും നബി(സ) പറഞ്ഞിരിക്കുന്നു (മുസ്‌ലിം). നബി(സ)യും അനുചരന്മാരും മക്കയിലായിരിക്കെത്തന്നെ ആശൂറാ നോമ്പനുഷ്ഠിച്ചിരുന്നതായി *സ്വഹീഹുൽ ബുഖാരി*യടക്കമുള്ള പ്രാമാണിക ഹദീസ് ഗ്രന്ഥങ്ങളിലുണ്ട്. മദീനയിലെ ജൂതന്മാരും ഈ ദിവസം നോമ്പനുഷ്ഠിക്കുന്നതായി ഹിജ്റക്കു ശേഷം നബി(സ)യുടെ ശ്രദ്ധയിൽപെട്ടു. അവർ നോമ്പ് പിടിക്കുന്നതിന്റെ കാരണം തിരക്കിയപ്പോൾ ഇസ്രാഈൽ സന്തതികളെ ദൈവം ശത്രുവിൽ(ഫറോവയിൽ)നിന്ന് രക്ഷിച്ച ദിവസമാണിതെന്നും അതിനു നന്ദിയായി ഈ ദിവസം മൂസാ(അ) നോമ്പനുഷ്ഠിച്ചിരുന്നതായും അവർ പറഞ്ഞു. മൂസായോട് നിങ്ങളേക്കാൾ അടുപ്പമുള്ളവർ ഞങ്ങളാണെന്ന് പറഞ്ഞ റസൂൽ(സ) ആ ദിവസം നോമ്പനുഷ്ഠിക്കുകയും മുസ്‌ലിംകളോടും നോമ്പ് പിടിക്കാൻ കൽപിക്കുകയും ചെയ്തു (ബുഖാരി 1865-ാം നമ്പർ ഹദീസ്). മദീനയിലെ ജൂതന്മാരുടെ ആഘോഷദിനമായിരുന്നു ആശൂറായെന്നും ആഘോഷത്തിനു പകരം ആ ദിവസം നോമ്പു പിടിക്കാൻ നബി(സ) അനുചരന്മാരോട് പറഞ്ഞുവെന്നുമാണ് ബുഖാരി തന്നെ ഉദ്ധരിച്ച മറ്റൊരു ഹദീസിലുള്ളത് (1866-ാം നമ്പർ ഹദീസ്).

ആദ്യഘട്ടത്തിൽ ആശൂറാ നോമ്പ് നിർബന്ധമായിരുന്നു. ഹിജ്റ രണ്ടാം വർഷം റമദാനിലെ നോമ്പ് നിർബന്ധമാക്കിയതോടെ ആശൂറാ നോമ്പ് ഐഛികമാക്കുകയായിരുന്നു. 'പുണ്യമാഗ്രഹിച്ച് ആശൂറാഇനോളം ശ്രേഷ്ഠമായ ഒരു ദിനമോ റമദാനേക്കാൾ ശ്രേഷ്ഠമായ ഒരു മാസമോ നബി(സ) വ്രതമനുഷ്ഠിച്ചതായി എനിക്കറിയില്ല' എന്ന് അബ്ദുല്ലാഹിബ്നു അബ്ബാസ് പറഞ്ഞതായി മുസ്‌ലിം ഉദ്ധരിച്ചിട്ടുണ്ട്. പല സ്വഹാബിമാരും മുഹർറം ഒമ്പതിനും പത്തിനും നോമ്പനുഷ്ഠിച്ചിരുന്നു. അടുത്ത വർഷം ഞാൻ ജീവിച്ചിരിക്കുകയാണെങ്കിൽ മുഹർറം ഒമ്പതിനും നോമ്പനുഷ്ഠിക്കുമെന്ന് നബി(സ) പറഞ്ഞതായി ഇമാം അഹ്മദുബ്നു ഹമ്പൽ (ഹദീസ് നമ്പർ 2002) നിവേദനം ചെയ്തിട്ടുണ്ട്. മുഹർറം പത്തിനോടൊപ്പം ഒമ്പത്, പതിനൊന്ന് തീയതികളിലും നോമ്പനുഷ്ഠിക്കൽ കൂടുതൽ നല്ലതാണെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ■